തൃശ്ശൂർ	..	114
മലപ്പുറം	..	205
പാലക്കാട്	..	157
കോഴിക്കോട്	..	161
വയനാട്	..	145
കണ്ണൂർ	..	177
കാസർഗോഡ്	..	132

(സി) 2001 മുതൽ 2003 വരെയുള്ള സാമ്പത്തികവർഷക്കാലം അനധികൃത ഖനനവും കടത്തലും കണ്ടെത്തി 5340 കേസുകൾ കോമ്പൗണ്ട് ചെയ്യുകയും 12 കേസുകൾ കോടതികളിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള അബലാ മന്ദിരങ്ങൾ

25[4893] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ എത്ര അബലാ മന്ദിരങ്ങൾ ഉണ്ട്; എവിടെയെല്ലാമാണ് ഇവ പ്രവർത്തിച്ചുവരുന്നത്;

(ബി) ഓരോ സ്ഥാപനത്തിലുമായി എത്ര പേരാണ് അന്തേവാസികളായി ഉള്ളത്;

(സി) ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ഡി) ഒരാൾക്ക് പ്രതിദിനം എത്ര തുക ചെലവ് വരുന്നുണ്ട്;

(ഇ) ഭക്ഷണം, വസ്ത്രം എന്നിങ്ങനെയായി വിവിധ ആവശ്യങ്ങൾക്കായി ഒരു വർഷം ഒരാൾക്ക് എത്ര രൂപ ചെലവ് ചെയ്യുന്നു;

(എഫ്) എത്ര ജീവനക്കാരെയാണ് ഓരോ സ്ഥാപനത്തിന്റെയും നടത്തിപ്പിനും മേൽനോട്ടത്തിനുമായി ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ജി) എന്തെല്ലാം തൊഴിൽ പരിശീലനങ്ങൾ ഇവിടെ നൽകാറുണ്ട്;

(എച്ച്) അബലാമന്ദിരം, വൃദ്ധസദനം എന്നീ സ്ഥാപനങ്ങൾ സ്വകാര്യ വ്യക്തികൾക്കോ ഏജൻസികൾക്കോ കൈമാറുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് പഠനമോ ചുമതലപ്പെടുത്തപ്പെട്ട ഏതെങ്കിലും കമ്മിറ്റിയോ ഇപ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 12 മഹിളാമന്ദിരങ്ങൾ ഉണ്ട്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് മഹിളാമന്ദിരങ്ങൾ പ്രവർത്തിക്കുന്നത്.

(ബി)

1.	മഹിളാ മന്ദിരം, തിരുവനന്തപുരം ..	21
2.	മഹിളാമന്ദിരം, കൊല്ലം ..	11
3.	മഹിളാമന്ദിരം, കോട്ടയം ..	17
4.	മഹിളാമന്ദിരം, ആലപ്പുഴ ..	14
5.	മഹിളാമന്ദിരം, പത്തനംതിട്ട ..	11
6.	മഹിളാമന്ദിരം, എറണാകുളം ..	21
7.	മഹിളാമന്ദിരം, തൃശ്ശൂർ ..	7
8.	മഹിളാമന്ദിരം, പാലക്കാട് ..	28
9.	മഹിളാമന്ദിരം, മലപ്പുറം ..	17
10.	മഹിളാമന്ദിരം, കോഴിക്കോട് ..	27
11.	മഹിളാമന്ദിരം, കണ്ണൂർ ..	15
12.	മഹിളാമന്ദിരം, കാസർഗോഡ് ..	7
	ആകെ	196

(സി) മഹിളാമന്ദിരങ്ങളിലുള്ള അന്തേവാസികളുടെ ക്ഷേമത്തിനായി സംരക്ഷണവും പുനരധിവാസ നടപടികളും നിലവിലുണ്ട്. അന്തേവാസികൾക്ക് തൊഴിൽ പരിശീലനവും നൽകുന്നുണ്ട്.

(ഡി) ഒരു അന്തേവാസിക്ക് പ്രതിദിനം 15 രൂപ ചെലവ് വരുന്നുണ്ട്.

(ഇ) ഒരു അന്തേവാസിക്ക് പ്രതിവർഷം 5,600 രൂപ ചെലവ് വരുന്നു.

(എഫ്) ഓരോ മഹിളാമന്ദിരത്തിലും സൂപ്രണ്ട്, പ്യൂൺ, മേട്രൺ എന്നീ മൂന്നു ജീവനക്കാരാണുള്ളത്.

(ജി) മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾക്ക് തയ്യൽ, കയർ നിർമ്മാണം, ഓട്ടോറിക്ഷ ഡ്രൈവിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നുണ്ട്.

(എച്ച്, ഐ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളെ കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസും നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly